بسم الله الرحمن الرحيم

# പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ

## വെള്ളിയാഴ്ച ഖുത്തുബ

*11 May 2012 ~ 19 Jamadul Aakhir 1433 Hijri*

## ഹസ്രത്ത് ഖലീഫത്തുല്ല, അൽമസീഹുൽ മൗഊദ് മുനീർ അഹ്മദ് അസീം(അ)

**(വെള്ളിയാഴ്ച ഖുത്തബയുടെ സംഗ്രഹം)**

ടുബാഗോ, ട്രിനിടാട്, ഇന്ത്യ, സമീപ പ്രദേശങ്ങളായ ദ്വീപുകൾ തുടങ്ങിയ രാജ്യങ്ങളുടെ പേരുകൾ എടുത്തു പറഞ്ഞു കൊണ്ട് ഭൂമുഖത്തുള്ള തന്റെ അനുചരന്മാർക്കെല്ലാം, സമാധാനാശംസകൾ അർപ്പിച്ച ശേഷം ഹസ്രത്ത് മുഹ്യിദ്ദീൻമുനീർ അഹ്മദ് അസീം തശഹ്ഹുദ്, തഅവ്വുദ്, സൂറ അൽഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം അദ്ദേഹം ഇങ്ങനെ പറഞ്ഞു.

നമ്മുടെ പരിപൂർണ്ണവും മനോഹാരിതവുമായ ഇസ്ലാം മതത്തിന്റെ അദ്ധ്യാപനമനുസരിച്ച്, ഒരേ ഒരു ആത്മീയ പാത പ്രാർത്ഥനയും, ധ്യാനവുമാണ്. ഇതിൽ നിന്ന് യഥാർത്ഥ ഫലം നുകരുവാൻ സമയമെടുക്കുമെന്ന് മാത്രം. കാരണം ആഴത്തിലുള്ള വേരുകളും, അദമ്യമായ സ്നേഹവായപും സൃഷ്ടിക്കപ്പെട്ടാൽ മാത്രമേ ഇതിന്റെ പ്രയോജനം ഒരാൾക്ക് ലഭ്യമാവുകയുള്ളൂ. സന്മാർഗ്ഗ പാത പ്രാർത്ഥനയും, ധ്യാനവുമാണ്.

അല്ലാഹുവിന്റെ പ്രകൃതി നിയമത്തിൽപ്പെട്ടതാണ് ഓരോ ആത്മാവിനും ഭൗതികമായ ഒരു മാതൃക വേണം എന്നുള്ളത്. ഭൗതികമായ ആ മാതൃക തയ്യാറായിക്കഴിഞ്ഞാൽ ഒരാത്മീയ ചൈതന്യം അതിൽ സ്വയമേവ തന്നെ രൂപമെടുക്കുകയും ചെയ്യുന്നു. ഈ നൂറ്റാണ്ടിലെ അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലയിൽ അല്ലാഹു എന്നിലൂടെ ആ മാതൃക തുറക്കപ്പെട്ടിരിക്കുന്നു. നിങ്ങളോരോരുത്തരും ക്രമേണ ആ മാതൃകയുമായി പരിചിതമായി തീരുക എന്നത് ജീവിതവിജയത്തിന് അനിവാര്യ ഘടകമാണ്. ഇസ്ലാമിലെ സാധാരണ ജനങ്ങൾക്കിടയിൽ വിശ്വാസപരമായ കാര്യങ്ങളിൽ വളരെയധികം തെറ്റുകൾ കടന്നുകൂടിയിരിക്കുന്നു. ജമാഅത്ത് അഹ്മദിയ്യായിലും ഇതുതന്നെ സംഭവിച്ചിരിക്കുന്നു. ഈ തെറ്റുകൾ കൂടുതലും സംഭവിച്ചത് ക്രിസ്ത്യാനികളുമായി കൂടി കലർന്നതിന്റെ പരിണിത ഫലമാണ്. എന്നാൽ ഇപ്പോൾ അല്ലാഹു ഉദ്ദേശിക്കുന്നു. ലോക സമക്ഷം ഇസ്ലാമിന്റെ പരിശുദ്ധവും പ്രഭാപൂരിതവുമായ മുഖം പ്രകടിപ്പിക്കുവാൻ. അതായത് ഇസ്ലാമിന്റെ യഥാർത്ഥ രൂപം (സഹീഹ് അൽഇസ്ലാം) ആത്മീയ പുരോഗതിക്ക് വിശ്വാസ തെളിമ അനിവാര്യഘടകമാണ്. വിശ്വാസത്തിന്റെ വ്യക്തത കൂടുന്നതിനനുസരിച്ച് പുരോഗതിയും വർദ്ധിക്കുന്നതാണ്.

ഈ സമരത്തിൽ പ്രാർത്ഥനയും, ധ്യാനവും അത്യന്താപേക്ഷിതമാണ്. കാരണം യഥാർത്ഥ സത്യം ചിലരിൽ നിന്നും മറഞ്ഞിരിക്കുന്നു. കാരണം അത് അവരുടെ ഉദാസീനതയാണ്. മറ്റു ചിലരിലാകട്ടെ അവരുടെ ഞാനെന്ന ഭാവം മൂലവും. എന്നാൽ മറ്റു ചിലരിലാകട്ടെ അവർക്ക് സത്യവുമായും സത്യത്തിന്റെ ആളുകളുമായി യാതൊരു താത്പര്യമില്ലാത്തതു മൂലവും. കാര്യങ്ങൾ ഇങ്ങനെ ഒക്കെ ആണെങ്കിലും അല്ലാഹുവിന്റെ സഹായമില്ലാതെ ഈ മറകൾ ഉയർത്തുവാൻ സാദ്ധ്യമല്ല. ഇവിടെയാണ് പ്രാർത്ഥനയുടെയും, ദൈവ ധ്യാനത്തിന്റെയും ആവശ്യകത അനിവാര്യമാകുന്നത്.പ്രവാചകത്വ സ്ഥാപനം നിലവിൽ വന്ന കാലം മുതൽ നിലനിൽക്കുന്ന ഒരു സത്യമാണ്; വെറും അധര വ്യായാമം കൊണ്ട് ഒരു പുരോഗതിയും ഉണ്ടാകില്ല എന്നത്. പ്രാർത്ഥനയും ഏകാഗ്രമായ മനസ്സും പ്രയോജനകരങ്ങളാണ് എന്ന് എപ്പോളും തെളിയിക്കപ്പെട്ടിട്ടുണ്ട്. ചരിത്രം പരിശോധിച്ചാൽ നമുക്ക് ഒരു കാര്യം വ്യക്തമാകും.മുഹമ്മദ് മുസ്തഫാ(സ) ഏകനായി നിലയുറപ്പിച്ച ഒരു കാലമുണ്ടായിരുന്നു. ജനങ്ങൾ അദ്ദേഹത്തിന്റെ യഥാർത്ഥ സത്യതയിൽ ആകൃഷ്ടരായി. മറിച്ച് ഇന്ന് ആയിരക്കണക്കിന് മുല്ലാമാരും, മൗലവിമാരും അമീർമാരും പ്രസംഗിക്കാനും പ്രബോധിക്കാനുമുണ്ട്. എന്നാൽ അവരാരും സത്യസന്ധരോ, ആത്മീയത ഉൾക്കൊള്ളുന്നവരോ, അല്ല. അതുകൊണ്ട് അവർക്ക് ജനങ്ങളിൽ ഒരു സ്വാധീനവും ചെലുത്തുവാൻ കഴിയുന്നില്ല.

മനുഷ്യനിൽ കടന്നു കൂടിയ വിഷാംശത്തെ നീക്കം ചെയ്യുവാൻ വെറും വാചകമടി കൊണ്ട് സാധ്യമല്ല. മഹാസത്യവാന്മാരുമായുള്ള സാമീപ്യവും, അവരുടെ ശ്രദ്ധയും നേടുക എന്നതാണ് അനിവാര്യമായ ഘടകം. ഇതിൽ നിന്നും പ്രയോജനം ആർജ്ജിക്കുവാൻ ആഗ്രഹിക്കുന്നവർ അവരുടെ വഴികൾ തേടുകയും, യഥാർത്ഥ വിശ്വാസം, അല്ലാഹു അവരെ പഠിപ്പിച്ചത്. മനസ്സിലാക്കുവാൻ ശ്രമിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

മാത്രമല്ല, വിശ്വാസത്തിന്റെ വിവിധ ദർശനങ്ങളുമായി പരിചയപ്പെട്ടു കഴിയുമ്പോൾ, ഞങ്ങളും മറ്റു മുസ്ലിംങ്ങളുമായി അഭിപ്രായഭിന്നതയുണ്ടെങ്കിൽ അപ്പോൾ നിങ്ങൾ ശക്തി പ്രാപിക്കേണ്ടതുണ്ട്. അത് നിങ്ങൾ അന്വേഷിച്ചു കൊണ്ടിരിക്കുന്ന ആത്മീയ വളർച്ചക്ക് അനുഗുണമായിത്തീരുകയും ചെയ്യുന്നതാണ്.

അപ്പോൾ നമ്മുടെ വ്യവസ്ഥകൾ പൂർത്തീകരിക്കുന്നതിന് കഴിയുകയും ചില പ്രസ്താവനകളിൽ നിന്ന് ഇറങ്ങി വരേണ്ടി വരികയും ചെയ്യുന്നതാണ്. ഇൻഷാ അല്ലാഹ് കുറെ മാർഗ്ഗദർശനം ഉൾകൊള്ളുവാൻ അത് പ്രാപ്ത മാക്കുന്നതുമാണ്. എന്നാൽ, ഓർക്കുക, അല്ലാഹുവിന്റെ വഴി ഇപ്രകാരമാണ്. അതായത്, ഒരു കാര്യത്തിൽ രണ്ട് അഭിപ്രായങ്ങൾ ഉണ്ടായാൽ, ആത്മീയ പുരോഗതി നേടുന്നതും വിജയിക്കുന്നതും ഒരാൾ മാത്രമായിരി ക്കും.

ഒരു കാര്യം മനസ്സിലാക്കേണ്ടത്, ആത്മീയ വഴികാട്ടിയോടൊപ്പം ചേർന്നു നിന്നു കൊണ്ട് തന്റെ സമയം ചെലവഴിക്കേണ്ടതാണ്. അതായത് അല്ലാഹുവിന്റെ ദൂതൻ ആഗതമാകുന്ന സമയത്ത്. അതാ യത് അല്ലാഹുവിന്റെ ദൂതൻ, പരിചയ സമ്പന്നനും വിശ്വസ്തനുമായ വഴികാട്ടിയാണ്. തന്റെ ചുറ്റും കൂടിയിരി ക്കുന്ന സത്യാന്വേഷികൾക്ക് മാർഗ്ഗദർശനം നല്കുന്നവനാണ്. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾക്ക് പ്രത്യേക പരിഗണന നല്കേണ്ടതാണ്. എന്തെങ്കിലും സംശയമോ അഥവാ ആശങ്കയോ, ഉണ്ടായാൽ, അത് യാതൊരു കാരണവശാലും മറച്ചു വെയ്ക്കരുത്., മറിച്ച് അത് പരസ്യമായി ഉന്നയിക്കുകയും, അങ്ങനെ ചെയ്താൽ, പെട്ടെന്നു തന്നെ അതിനു പരിഹാരം കണ്ടെത്തുവാൻ കഴിയുന്നതാണ്. അങ്ങനെ ഹൃദയത്തിൽ തുളച്ചുകയ റുവാൻ സാദ്ധ്യതയുള്ള ഒരു മുള്ളു നീക്കം ചെയ്യുവാനും സാധിക്കുന്നതാണ്. ആത്മീയ വളർച്ചയ്ക്ക് ഇത്തര ത്തിലുള്ള സംശയങ്ങൾ ഉയർത്തലും അവ നീക്കം ചെയ്യലും പ്രയോജനകരമായിത്തീരുന്നതാണ്. ക്ഷമയോ ടും, സഹനതയോടും ഇത്തരത്തിൽ ചേർന്നു നില്ക്കൽ അത്യന്താപേക്ഷിതമാണ്; ദൈവദൂതൻ പറയുന്ന കാര്യ ങ്ങൾക്ക് വില കല്പ്പിക്കുകയും ഒരു രീതിയിലുള്ള സംശയത്തിനും ഇടനല്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാ ണ്. സംശയത്തിന് വിഷത്തിന്റെ ശക്തിയാണ്. അത് അകത്തളങ്ങളിൽ ഇറ്റിറ്റു വീഴുകയും ക്രമേണ അവനെ നശിപ്പിക്കുകയും ചെയ്യുന്നു.

രണ്ടാമത്തെ കാര്യം ഒരു പുതിയ സ്വർഗ്ഗീയ പദ്ധതി അഥവാ ദൈവീക പദ്ധതി നടപ്പിലാക്കു മ്പോൾ ഒരു പരിഷ്കർത്താവിനെ അഥവാ നവോത്ഥാന നായകനെ നിയോഗിക്കുന്നു. നിയോഗോദ്ദേശം എല്ലാ ഘടകങ്ങളിലുമുള്ള തെറ്റു കുറ്റങ്ങൾ ദുരീകരിക്കുക എന്നതാണ്. തന്മൂലം എല്ലാവരും അദ്ദേഹത്തിന്റെ ശത്രു ക്കളായത്തീരുന്നു. അവർ അദ്ദേഹത്തിന് പ്രയാസങ്ങൾ സൃഷ്ടിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്നതാണ്.

ആരെങ്കിലും അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തിന്റെ തത്വസംഹിതയിൽ പ്രവേശി ക്കുകയും ചെയ്താൽ അവരെയും അവർ പീഡിപ്പിക്കുകയും വിഷമവൃത്തത്തിലാക്കുകയും ചെയ്യുന്നതാണ്. ശത്രുക്കൾ അദ്ദേഹത്തെ ആക്രമിക്കുന്നു. സുഹൃത്തുക്കളും പരിചയക്കാരും ശത്രുക്കളായിത്തീരുന്നു. എവിടെ നിന്നെങ്കിലും എന്തെങ്കിലും സഹായം പ്രതീക്ഷിക്കുന്നിടത്തു നിന്നും ശത്രുതയായിരിക്കും ലഭിക്കുക. ചുരു ക്കത്തിൽ നിരാശയുടെയും പ്രതീക്ഷാ രഹിതമായ പ്രയാസങ്ങളുടെയും പാതയിൽ അവൻ പ്രവേശിക്കണ്ടതായി വരുന്നതാണ്. ജനങ്ങളിൽ നിന്ന് ലഭിക്കുമെന്നു പ്രതീക്ഷിച്ച ബഹുമതി, ആദരവ്, അങ്ങനെ എല്ലാമെല്ലാം തന്നിൽ നിന്നും എടുത്തു മാറ്റപ്പെടും. എന്നാൽ ഇതൊരു സനാതന നിയമമാണ്, ഇത്തരത്തിലുള്ള എല്ലാ നിരാശകൾക്കും, പ്രയാസങ്ങൾക്കും ഒരുവൻ തയ്യാറായിരിക്കേണ്ടതാണ്.

ധൈര്യത്തോടെയും ആത്മവിശ്വാസത്തോടെയും ഈ വെല്ലുവിളികളെ നേരിടുവാൻ ഒരു വൻ തയ്യാറായാൽ അവനീപാതയിൽ ഉറച്ചു നില്ക്കുവാൻ സാധിക്കും. അല്ലാത്ത പക്ഷം, വളരെ പ്രതീക്ഷ യോടെ ഈ ലോകത്തേക്ക് പ്രവേശിക്കുന്നവർ, സമർദ്ദങ്ങളുടെ നടുവിൽ പിടിച്ചു നില്ക്കാനാവാതെ ക്രമേണ അവർ പഴയ നിലയിലേക്ക് മടങ്ങുന്നു. അവർക്കും അവരുടെ കുടുംബങ്ങൾക്കും നേരിടേണ്ടിവരുന്ന ഭൗതിക ലോകത്തിലെ നഷ്ടങ്ങൾ അവരുടെ ഹൃദയങ്ങൾക്കു താങ്ങാവുന്നതിനപ്പുറമാണ്. അവരുടെ അന്ത്യ പ്രതി ഫലം അവരുടെ ആരംഭത്തെക്കാൾ വളരെ ശോചനീയമായിരിക്കും. സഹീഹിൽ ഇസ്ലാം എന്ന പ്രസ്ഥാനത്തി ലേക്ക് പ്രവേശിക്കുന്നതിനു മുമ്പ്, ലോകരുടെ പരിഹാസത്തെയും അവർ നല്കുന്ന പ്രയാസങ്ങളെയും നിരേ ശയേയും ധീരമായി നേരിടുവാനുള്ള തയ്യാറെടുപ്പ് നടത്തേണ്ടത് ഓരോ ജമാ അത്തുസ്സഹീഹിൽ ഇസ്ലാം അംഗത്തിന്റെയും ഒഴിച്ചു കൂടുവാൻ കഴിയാത്ത കർത്തവ്യമാണ്.

അത്തരത്തിലൊരു മനോനില പടുത്തുയർത്തുന്നവർക്ക് വളരെ പെട്ടെന്ന് തന്നെ സത്യത്തിന്റെ വിജയം ലഭ്യമാകുന്നതാണ്.ആരംഭത്തിൽ നഷ്ടപ്പെട്ടതെല്ലാം അവനിലേക്ക് അവന്റെ രക്ഷിതാവ് മടക്കുന്നതാ ണ്. ഒരു വിത്ത് അത് വളർന്ന് വലിയ വൃക്ഷമായി തീരുന്നു. ഫലങ്ങൾ കായ്ച്ച് ഉലയുന്നു. അതിന് വിത്ത് മണ്ണി നടിയിൽ കുറെക്കാലം അടക്കം ചെയ്യേണ്ടതുണ്ട്. അപ്പോൾ മാത്രമേ അതൊരു വൃക്ഷമായി തീരുകയുള്ളൂ. ഇതുപോലെ, ക്ഷമ അന്ത്യന്താപേക്ഷിതമാണ്. അവൻ വിനീതരിൽ വിനീതനായിരിക്കണം. അല്ലാഹുവിന്റെ ഹിതത്തിൽ സംതൃപ്തനാകണം. എന്നാൽ അവൻ ഉയർത്തപ്പെടും. അതേ തുടർന്ന് അവൻ വളരും,നേടും,വിക സിക്കും, പുരോഗതി പ്രാപിക്കും.

എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനു മുമ്പ്, ഞാൻ നിങ്ങളെ എല്ലാവരേയും ഉപദേശിക്കുന്നു. അതായത്, നാം ലളിതജീവിതം നയിക്കേണ്ടത് നമ്മുടെ തത്വങ്ങളിൽപ്പെട്ട ഒരു കാര്യം ആകുന്നു. നമ്മുടെ കൂടിക്കാഴ്ചകളെ ഒരു രീതിയിലും മലീമസമാക്കരുത്. അതായത്, പുറമേ നിന്നുള്ള ആചാരാനുഷ്ഠാനങ്ങൾ, അവ ഒഴിച്ചു കൂടാൻ കഴിയാത്ത ഒരു ഘടകമായി മാറിയിരിക്കുകയാണ്, അവ യൂറോപ്യനായാലും, അമേരിക്കനായാലും, ഏഷ്യനായാലും, ആഫ്രിക്കൻ രീതി ആയാൽ പോലും (അവ ഒഴിവാക്കേണ്ടതു തന്നെയാണ്) കാരണം നാം ഇന്ന് ലോകത്തിലേക്ക് കണ്ണോടിച്ചാൽ അമേരിക്കൻ സംസാകാരത്തിന്റെയും യൂറോപ്യൻ സംസ്കാരത്തിന്റെയും, വകഭേദങ്ങൾ മാത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. പൊള്ളയായ ഔപചാരികതയ്ക്ക് നാം വില കല്പ്പിക്കേണ്ടതില്ല. അവർ കാണിച്ച ത്യാഗത്തിന്റെ പേരിൽ നാം അതു പിന്തുടർന്നാൽ പ്രയാസങ്ങളിലും അഥവാ മറ്റു പല അധർമ്മങ്ങളിലുമായിരിക്കും നമ്മെ കൊണ് ടെത്തിക്കുന്നത്, അതു മാത്രമല്ല ഭക്ഷണ കാര്യത്തിലായാലും, ഒത്തു ചേരൽഘട്ടത്തിലായാലും, പിരിയുന്ന ഘട്ടത്തിലായാലും, നാം ഒരു ലളിത വഴിയാണ് സ്വീകരിക്കേണ്ടത്.

ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബ നല്ല നിലയിൽ മനസ്സിലാക്കുവാൻ അല്ലാഹു നിങ്ങൾക്കെല്ലാപേർക്കും തൗഫീഖ് ചെയ്യട്ടെ; അവൻ നിങ്ങളെ നേർവഴിയിൽ നടത്തട്ടെ; ഇൻഷാ അല്ലാഹ്. ആമീൻ.

*Translated by:* *R. Jamaludin Raother, Amir*
*Jamaat Ul Sahih Al Islam Kerala*
*Email: jamal.raother@gmail.com*
*Phone: 0475-2252530, 9447001832*
*Website: http://www.jamaat-ul-sahih-al-islam.com*